**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 875** **14-01-2021 - ല്‍ മറുപടിയ്ക്ക്**

**വന്യമൃഗശല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ. കുഞ്ഞിരാമന്‍ | | **Shri. K Raju**<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | കാസര്‍ഗോഡ് ജില്ലയില്‍ വന്യമൃഗശല്യം വളരെ രൂക്ഷമായ സാഹചര്യം സര്‍ക്കാരിന്റെ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; | (എ) | ജില്ലയിലെ ചില പ്രദേശങ്ങളില്‍ വന്യമൃഗ ശല്യം രൂക്ഷമായതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ട്. |
| (ബി) | ജനങ്ങളുടെ സ്വത്തിന് മാത്രമല്ല ജീവനുപോലും ഭീഷണിയാവുന്ന തരത്തില്‍ രൂക്ഷമായ വന്യമൃഗശല്യം തടയുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശങ്ങള്‍ അറിയിക്കാമോ? | (ബി) | വന്യമൃഗശല്യം രൂക്ഷമായ സാഹചര്യത്തില്‍ കാസര്‍ഗോഡ്, കണ്ണൂര്‍, വയനാട് എന്നീ ജില്ലകളിലെ വനം വകുപ്പ് ജീവനക്കാര്‍, താല്‍ക്കാലിക ജീവനക്കാര്‍ എന്നിവരടങ്ങുന്ന 150 ഓളം ജീവനക്കാരെ പ്രത്യേക സ്ക്വാഡുകളായി തിരിച്ച് “ഓപ്പറേഷന്‍ ഗജ"എന്ന പേരില്‍ ഒരു പദ്ധതി നടപ്പാക്കി ഈ സ്ഥലങ്ങളില്‍ നിയോഗിച്ച് ഒരു പരിധിവരെ പരിഹാരം കണ്ടെത്തിയിട്ടുണ്ട്. ഇതിനുപുറമേ റാപ്പിഡ് റസ്പോണ്‍സ് ടീമിനേയും, അടിയന്തര സാഹചര്യങ്ങള്‍ നേരിടുന്നതിന് പ്രത്യേക ഉപകരണങ്ങള്‍, വാഹനം എന്നിവയോടുകൂടി, ഈ മേഖലകളില്‍ വിന്യസിച്ചിട്ടുണ്ട്. വന്യമൃഗശല്യം രൂക്ഷമായ സ്ഥലങ്ങളില്‍ സൗരോര്‍ജ്ജ കമ്പിവേലി, ആനപ്രതിരോധ മതില്‍, ട്രഞ്ചുകള്‍, റെയില്‍ ഫെന്‍സിംഗ് എന്നിവ നിര്‍മ്മിച്ച് അറ്റകുറ്റപണികള്‍ നടത്തി പ്രവര്‍ത്തന സജ്ജമാക്കി നിര്‍ത്തിയിട്ടുണ്ട്. ഇവ കൂടുതല്‍ സ്ഥലങ്ങളില്‍ സജ്ജമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം തദ്ദേശീയരെ അറിയിക്കുന്നതിനായി എസ്.എം.എസ്. അലര്‍ട്ട് സംവിധാനവും ഏര്‍പ്പെടുത്തിയിട്ടുണ്ട്. |

സെക്ഷന്‍ ഓഫീസര്‍